# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 896 — 10.06.2019 ൽ മറുപടിയ്ക്ക്

**മരുതോങ്കര അകി ഡക്ക് - ജാനകി ഇക്കോ ടൂറിസം റോഡ്**

| ചോദ്യം<br>ശ്രീ. .ഇ.കെ. വിജയൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നാദാപുരം മണ്ഡലത്തിലെ മരുതോങ്കര പഞ്ചായത്തിൽ വനം വകുപ്പ് അനുവദിച്ച മരുതോങ്കര അകി ഡക്ക് - ജാനകി ഇക്കോ ടൂറിസം റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ ; | (എ) & (ബി) | കോഴിക്കോട് വനം ഡിവിഷന് കീഴിലെ കുറ്റ്യാടി റെയിഞ്ചിലെ ജാനകിക്കാട്-ഇക്കോ ടൂറിസം കേന്ദ്രത്തിലേക്കുള്ള റോഡ് (മരുതോങ്കര അകി ഡക്ക് - ജാനകിക്കാട് ഇക്കോ ടൂറിസം വരെയുള്ളത്) അഭിവൃദ്ധിപ്പെടുത്തുന്നതിനായി 22.99 ലക്ഷം രൂപ നോൺ പ്ലാൻ റോഡ്സ് ശീർഷകത്തിൽ അനുവദിച്ചിരുന്നു. മേൽ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനായി പി.ഡബ്ല്യൂ.ഡി റോഡ്സ് വിഭാഗം കോഴിക്കോടിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഏറ്റെടുത്ത് നടത്തണമെങ്കിൽ മേൽ തുക പി.ഡബ്ല്യൂ.ഡി വകുപ്പിന് മുൻകൂട്ടി നിക്ഷേപിക്കണമെന്ന് 19/02/19-ലെ എ3-3593/19 നം. കത്ത് പ്രകാരം പി.ഡബ്ല്യൂ.ഡി കോഴിക്കോട് അറിയിച്ചു. എന്നാൽ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി 280/12/വനം തീയതി 12.06.12 പ്രകാരം മേൽ തുക പി.ഡബ്ല്യൂ.ഡി-ക്ക് നിക്ഷേപിക്കാൻ സാധിക്കില്ലായെന്നും പി.ഡബ്ല്യൂ.ഡി വകുപ്പിന്റെ മേൽ നോട്ടത്തിൽ വനം വകുപ്പ് നേരിട്ട് ജോലി ചെയ്യിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. ഈ റോഡ് കടന്നുപോകുന്ന ഭാഗങ്ങൾ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ആയതിനാൽ വകുപ്പിന്റെ അനുമതിക്കായി 23.08.2018 ന് അപേക്ഷ സമർപ്പിച്ചുവെങ്കിലും അനുമതി 06.0.2019 ന് മാത്രമാണ് ലഭിച്ചത്. എന്നാൽ സാമ്പത്തിക വർഷാവസാനമായതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണം വൈകുന്നത് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിൽ ഉള്ളതുകൊണ്ടാണോ ; വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ